(ബി) ഇപ്പോൾ പ്രവർത്തനശൂന്യമായികിടക്കുന്ന ഫിഷ് ഹാച്ചറി വേണ്ട രീതിയിൽ പ്രവർത്തിപ്പിക്കാൻ മെഡിക്കൽ ആഫീസർക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 30-3-2004-ൽ ട്രഷറിയിൽനിന്നും പിൻവലിച്ച തുക 6-8-2004 വരെ കൈവശം സൂക്ഷിച്ചതിന് മെഡിക്കൽ ആഫീസറോട് ജില്ലാ മെഡിക്കൽ ആഫീസർ വിശദീകരണവും ചോദിച്ചിട്ടുണ്ട്.

ഹെൽത്ത് മാന്വൽ കാലാനുസൃതമായി പുതുക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

124 [2558] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഹെൽത്ത് മാന്വൽ തയ്യാറാക്കി അംഗീകരിച്ചത് ഏതു തീയതിയിലാണ്;

(ബി) ഹെൽത്ത് മാന്വൽ കാലാനുസൃതമായി പുതുക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) പുതുക്കിയ ഹെൽത്ത് മാന്വൽ എത്ര നാൾക്കകം നിലവിൽവരുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 21-6-1955-ലെ ഗസറ്റ് നമ്പർ 25 പ്രകാരം 1955-ലെ തിരു-കൊച്ചി പൊതുജനാരോഗ്യനിയമവും 7-3-1939-ലെ ഗസറ്റ്പ്രകാരം 1939-ലെ മദ്രാസ് പൊതുജനാരോഗ്യനിയമവും നിലവിൽവന്നു. ഹെൽത്ത് മാന്വൽ എന്നപേരിൽ നിയമങ്ങളൊന്നും നിലവിൽവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) & (സി) ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമത്തിന്റെ കരട് തയ്യാറാക്കിയത് സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly